# കെ.പി.എസ്.ടി.എ സംസ്ഥാന അക്കാദമിക് കൗൺസിൽ

## എൽ.എസ് .എസ് .മാതൃകാ പരീക്ഷ– 2023

**MM**

| രജിസ്റ്റർ നമ്പർ | | | | | | | |
|---|---|---|---|---|---|---|---|
| | അക്കത്തിൽ | | | | | | |
| | അക്ഷരത്തിൽ | | | | | | |

**സമയം: 1½ മണിക്കൂർ** **പേപ്പർ-1** **ആകെ സ്കോർ:40**

**പാർട്ട്-എ മലയാളം , പാർട്ട്- ബി ഇംഗ്ലീഷ്, പാർട്ട്- സി പൊതുവിജ്ഞാനം**

---

## പൊതു നിർദ്ദേശങ്ങൾ

1. **9.30 മുതൽ 11.15 വരെയാണ് പരീക്ഷാ സമയം .ഇതിൽ ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ് ഈ സമയത്ത് ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കണം.**
2. **പേപ്പർ ഒന്നിലെ ചോദ്യങ്ങൾ 3 ഭാഗങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്നു. പാർട്ട്(എ) ഒന്നാം ഭാഷ - മലയാളം പാർട്ട്(ബി) - ഇംഗ്ലീഷ് പാർട്ട്(സി)- പൊതുവിജ്ഞാനം**
3. **എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരം എഴുതേണ്ടതാണ്.**
4. **ബുക്ക് ലെറ്റിൽ ഏതെങ്കിലും വിധത്തിലുള്ള വ്യക്തി വിവരങ്ങളോ അടയാളങ്ങളോ രേഖപ്പെടുത്താൻ പാടില്ല.**
5. **ബുക്ക് ലെറ്റ് ഇൻവിജിലേറ്റർ ഏൽപ്പിച്ചതിനു ശേഷം മാത്രമേ പരീക്ഷ ഹാൾ വിട്ടു പുറത്തു പോകുവാൻ പാടുള്ളൂ**

KPSTA

## PAPER I

## Part-A മലയാളം

1. "പേടിപ്പിച്ചോടിക്കാൻ നോക്കി പൂതം
   പേടിയ്ക്കാതങ്ങനെ നിന്നാളമ്മ" മാതൃ സ്നേഹത്തിന്റെ ചേതോഹരമായ ആവിഷ്കാരമാണ് പൂതപ്പാട്ട് .ഈ മഹത്തായ സൃഷ്ടി സമ്മാനിച്ച കവിയുടെ മുഴുവൻ പേരും എഴുതുക? 1

2. സ്വന്തം ജീവിതാനുഭവങ്ങൾ മറ്റുള്ളവർക്ക് ആസ്വാദ്യകരമായ രീതിയിൽ അവതരിപ്പിക്കുന്ന സാഹിത്യ രൂപം ഏത് ? മാർക്ക് 1

3. 'ഒരു പീഡയെറുമ്പിനും വരുത്തരുത് 'ഇവിടെ പീഡ എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? 1

4. അടിയിലും മുകളിലും തട്ടിട്ടിരിക്കുന്ന കുഞ്ഞാനാശാരിയുടെ പേര് പറഞ്ഞാൽ നാട് തരാം ,നഗരി തരാം രാജാവിന്റെ മകളെ തരാം ഈ കടങ്കഥയുടെ ഉത്തരം എന്ത് ? മാർക്ക് 1

5. 'കുട്ടിയും തള്ളയും' എന്ന കവിത കുമാരനാശാൻറെ ഏത് കൃതിയിൽ നിന്ന് എടുത്തതാണ്? 1

**(6 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ തന്നിട്ടുള്ള വയിൽ നിന്നും തെരഞ്ഞെടുത്ത് എഴുതുക)**

6. ചന്ദ്രന്റെ പകരം പദമാണ് അമ്പിളി താഴെ തന്നിരിക്കുന്ന അവയിൽ നിന്ന് മറ്റൊരു പദം കണ്ടെത്തുക? മാർക്ക് 1

   (a)കൗമുദി (b)അർക്കൻ (c)ശശാങ്കൻ (d)ദിവാകരൻ

7. മൂലധനം എടുത്ത് ചെലവഴിക്കരുത് എന്ന് ആശയം വരുന്ന കൃഷി ചൊല്ല് ഏത്? .മാർക്ക് 1

   (a)വിത്താഴം ചെന്നാൽ പത്തായം നിറയും

   (b)വിത്ത് ഗുണം പത്ത് ഗുണം

   (c)വിത്തു കുത്തി ഉണ്ണരുത്

   (d) പലതുള്ളി പെരുവെള്ളം

KPSTA

8. ചുവടെ കൊടുത്തിരിക്കുന്നവയിൽ തെറ്റായ പദം എഴുതുക? മാർക്ക് 1

(a)അനുബന്ധം (b)മന്ദഹാസം (c)മുഷ്ടാനം (d) പ്രതിധ്വനി

9. ആധുനിക കവിത്രയത്തിൽ ഉൾപ്പെടുത്താത്തത് ആര് ? മാർക്ക് 1

(a)ഉള്ളൂർ (b)വള്ളത്തോൾ (c)കുഞ്ചൻ നമ്പ്യാർ (d)കുമാരനാശാൻ

10. വാദ്യം ,സംഗീതം, നൃത്തം ,അഭിനയം എന്നിവ ഒന്നിച്ച് ചേരുന്ന കലാരൂപം? മാർക്ക് 1

(a)കഥകളി (b)തിരുവാതിര (c)തെയ്യം (d)ഒപ്പന

11. താഴെ കൊടുത്തിരിക്കുന്ന ഗദ്യ ഭാഗം വായിച്ച് ചുവടെ കൊടുത്ത ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക?

**അവധിക്കാലം**

ഞാനൊക്കെ കുട്ടിയായിരുന്നപ്പോൾ അവധിക്കാലം കളിക്കുവാൻ ഉള്ളതായിരുന്നു. ബാല്യ കാലത്തെ കളിക്കു വലിയ പ്രാധാന്യമുണ്ടായിരുന്നു .കളിച്ചുകൊണ്ടാണ് എന്റെയൊക്കെ തലമുറ വളർന്നത് .വൈകുന്നേരം സ്കൂൾ വിട്ട് വീട്ടിലെത്തിയാൽ ചായകുടിച്ച് ഉടനെ കളി സ്ഥലത്തേക്ക് ഓട്ടം. ഫുട്ബോൾ കളിയോടായിരുന്നു ഞങ്ങൾക്ക് ഏറെ ഇഷ്ടം .എന്റെ വീട്ടിന്നരികിൽ ഒരു ശ്രീകൃഷ്ണ ക്ഷേത്രമുണ്ട് .അതിൻറെ മുറ്റത്തായിരുന്നു ഫുട്ബോൾ കളി ക്ഷേത്രത്തിൽ സന്ധ്യാവിളക്കുകൾ തെളിയുന്നത് വരെ ഞങ്ങൾ കളിച്ചുകൊണ്ടിരിക്കും കളിക്കുന്നതിനിടയിൽ വീണ് കൈമുട്ടുകളിലും കാൽമുട്ടുകളിലും ഒക്കെ പരിക്ക് ഉണ്ടാവും. അത് കളിയുടെ ഭാഗമായിരുന്നു. വളരെ പഴക്കം ചെന്ന ഒരു ഫുട്ബോൾ കൊണ്ടാണ് ഞങ്ങൾ കളിച്ചത്.ഇത് ഇടയ്ക്കിടെ പഞ്ചറാവും അപ്പോൾ സൈക്കിൾ ഷോപ്പുകാരൻ പഞ്ചർ ഒട്ടിച്ചു തരും. ഒറ്റ പൈസയും അയാൾ വാങ്ങിയില്ല. ഇന്ന് ഒരു കുട്ടിക്ക് ഒരു ഫുട്ബോൾ വാങ്ങുക എന്നത് അത്ര പ്രയാസമുള്ള കാര്യമല്ല. പക്ഷേ കുട്ടികൾക്ക് ഫുട്ബോൾ വേണ്ട കാരണം ആർക്കും കളിക്കാൻ താൽപര്യമില്ല നമുക്ക് ഒന്നിനും സമയമില്ല കളിക്കാർ പോലും ടിവിയും മൊബൈൽഫോണും വന്നതിനുശേഷം ആണ് നമുക്ക് സമയം ഇല്ലാതെയായത് കൂട്ടുകാരെ..... നിങ്ങൾ കളിച്ചു വളരണം. എപ്പോഴും ടിവി കണ്ടും മൊബൈൽ ഫോൺ നോക്കിയും സമയം ചെലവഴിക്കരുത്

എം . മുകുന്ദൻ

KPSTA

(a) മലയാളത്തിന്റെ പ്രശസ്തനായ എഴുത്തുകാരൻ തൻറെ ബാല്യകാലത്തെക്കുറിച്ച് എഴുതിയത് വായിച്ചില്ലേ? അദ്ദേഹത്തിൻറെ ബാല്യകാലത്തെ കുറിച്ച് മനസ്സിലാക്കിയ കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു കുറിപ്പ് തയ്യാറാക്കുക? മാർക്ക് 3

(b) ഇഷ്ടം എന്നതിൻറെ ഗദ്യ ഭാഗത്ത് പ്രയോഗിച്ച പദം ഏത് ? മാർക്ക് 1

(c) താഴെ കൊടുത്തവയിൽ മുകുന്ദൻറെ കൃതി കണ്ടെത്തു ? മാർക്ക് 1

(i) ഒരു ദേശത്തിൻറെ കഥ

(ii) മയ്യഴിപ്പുഴയുടെ തീരങ്ങളിൽ

(iii)കയർ

(iv)ബാല്യകാലസഖി

12. **ജീവമലയാളം**

കുഞ്ഞു വളരുവാൻ അമ്മ നൽകും
അമ്മിഞ്ഞ പാലാണ് മലയാളം
മാറിൽ ചേർത്ത് തഴുകിടുമ്പോൾ
മധുരം ചുരത്തും മലയാളം
ഉണ്ണിക്കുറങ്ങുവാൻ കൂട്ടുപോകും
താരാട്ട് പാട്ടാണ് മലയാളം

കുഞ്ഞിക്കിനാക്കൾ പറന്നുയരും
ആകാശമാകുന്നു മലയാളം
ചിന്തകളും നീന്തിത്തുടിച്ചിടുന്ന
ആഴിപ്പരപ്പാണ് മലയാളം
തേനും വയമ്പും പുരട്ടി നാവിൽ
അക്ഷരം കൊത്തുന്ന മലയാളം
നാടിന്റെ നാഡീമിടിപ്പറയും
ജീവന്റെ ജീവനീ മലയാളം

എടപ്പാൾ.സി .ബ്രഹ്മണ്യൻ

(a) ഈ കവിത നൽകുന്ന സന്ദേശമെന്ത്? മാർക്ക് 1

(b) ആഴിപ്പരപ്പ് എന്ന പദം പിരിച്ചെഴുതുക? മാർക്ക് 1

(c) ഈ കവിതക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക? മാർക്ക് 3

KPSIA

## PAPER I

## PART B – ENGLISH

13. Fill in the blanks using suitable word

when other children laughed pingala………………...them score 1

14. A soft wind carried the…………… of wild flowers in to the room score 1

15. Find out the answer of the following riddle

My native place is the sea. I am as white as snow. when I fall back to water I disappear without a trace. who am I? Score 1

16. Rearrange the words to make meaningful sentence Score 1

So / well/ shoes/ the/ are/ made

17. Anna and the fatboy spent a lot of time at the river side. They lannch paper boats in the stream. she was happy to get a new friend. she returned home happily. Anna scribbled her feelings in her diary

What will Anna write in her diary? Score 3

KPSTA

18. The merchant laid Ivan in a boat and pushed the boat in to the open sea.The boat moved on the waves for a long time and finally hit a large ship.The captian of the ship saw Ivan in the boat.He went near Ivan. Write a conversation between the captain and Ivan Score 3

KPSTA

## PAPER I

**പാർട്ട്- സി പൊതുവിജ്ഞാനം**

19. 2023 അന്താരാഷ്ട്ര പ്രാധാന്യം എന്താണ് ?

(a) വിദ്യാഭ്യാസ വർഷം (b) വനിതാ വർഷം

(c) മണ്ണുവർഷം (d) ചെറു ധാന്യ വർഷം മാർക്ക് 1

20. 2022 ലെ എഴുത്തച്ഛൻ പുരസ്കാരം നേടിയതാര് ? മാർക്ക് 1

21. ലഹരി വസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേരള സർക്കാരും എക്സൈസ് വകുപ്പും ചേർന്ന് ആവിഷ്കരിച്ച പദ്ധതി ? മാർക്ക് 1

22. ഫുട്ബോൾ കളിയുമായി ബന്ധപ്പെടാത്തത് ഏത്? മാർക്ക് 1

(a)കിക്കോഫ് (b)ത്രോഇൻ (c)ഇന്നിങ്ങ്സ് (d) പെനാൽറ്റി കിക്ക്

23 മുനിസിപ്പാലിറ്റിയിലെ വാർഡംഗത്തിന് വിളിക്കുന്ന പേര്? മാർക്ക് 1

(a) വാർഡ് മെമ്പർ (b)മേയർ (c)ചെയർമാനെ (d)കൗൺസിലർ

24. നൽകിയിരിക്കുന്ന സൂചനകളിൽ നിന്ന് കലാരൂപത്തെ തിരിച്ചറിയുക? മാർക്ക് 1

- കലകളുടെ മുത്തശ്ശി എന്നറിയപ്പെടുന്ന
- മിഴാവ് വാദ്യോപകരണം
- സംസ്കൃത നാടക അഭിനയ സമ്പ്രദായത്തിലുള്ള കല

(a)കഥകളി (b)ചാക്യാർകൂത്ത് (c)കൂടിയാട്ടം (d) ഓട്ടൻതുള്ളൽ

25. മനുഷ്യനെ ബഹിരാകാശത്ത് എത്തിക്കാനുള്ള ഇന്ത്യയുടെ പ്രഥമ ദൗത്യം ഏത് ?

(a)ചന്ദ്രയാൻ (b)മംഗൾയാൻ (c)ഗഗൻയാൻ (d)പ്രോമയാൻ. മാർക്ക് 1

26. ബ്രഹ്മപുരം ഏത് ജില്ലയിലാണ് ? മാർക്ക് 1

(a)കോട്ടയം (b)തിരുവനന്തപുരം (c)പത്തനംതിട്ട (d)എറണാകുളം

27 ദയാഭായി ഏത് മേഖലയുമായി ബന്ധപ്പെട്ട വ്യക്തിയാണ് ? മാർക്ക് 1

(a)നൃത്തം (b)സിനിമ (c)പത്രപ്രവർത്തനം (d)സാമൂഹിക പ്രവർത്തനം

28. വരയാടുകൾക്ക് പ്രശസ്തമായ കേരളത്തിലെ ദേശീയോദ്യാനം? മാർക്ക് 1

(a) പെരിയാർ (b)ഇരവികുളം (c)സൈലന്റ് വാലി (d) പാമ്പാടും ചോല

KPSTA